(സി) കൗൺസിലിംഗ് നടത്തിയില്ല. ഗവൺമെന്റ് ഉത്തരവ് പ്രകാരം ഓപ്ഷൻ സമ്പ്രദായം ആണ് സ്വീകരിച്ചത്.

(ഡി) ഓപ്ഷൻ സമ്പ്രദായം വഴി അഡ്മിഷൻ നടത്തുന്ന രീതി യായതിനാൽ നോഡൽ സെന്ററുകളിൽ കമ്പ്യൂട്ടർ വഴി ഒഴിവ് അപ്പപ്പോൾ അറിയിക്കുക സാധ്യമല്ല.

(ഇ) 11.11.2000-ലെ റീ അലോട്ട്മെന്റ് ലിസ്റ്റ് പ്രകാരം എം.ബി.ബി. എസ്. കോഴ്സിലേക്ക് അന്നുവരെ ഒഴിവുണ്ടായ സീറ്റിലേക്കും പുതുതായി അനുവദിക്കപ്പെട്ട സീറ്റിലേക്കും അലോട്ട്മെന്റ് നടത്തിയിരുന്നു. എന്നാൽ 10.11.2000-ലെ കേരള ഹൈക്കോടതിയുടെ ഉത്തരവ് പ്രകാരം പ്രസ്തുത സീറ്റി ലേയ്ക്ക് പ്രവേശനം നടന്നില്ല.

(എഫ്) 1.12.2000-ൽ എം.ബി.ബി.എസ്. പേയ്മെന്റ് സീറ്റ് ഒഴികെ സീറ്റ് ഒഴിവുണ്ടായിരുന്നില്ല.

പാർപ്പിട പ്രശ്നം പരിഹരിക്കാൻ നടപടി

19 (*109) ശ്രീ.എൻ.കണ്ണൻ :
ശ്രീ.എൻ.ആർ.ബാലൻ :
ശ്രീ.സി.പി.ബാലൻ വൈദ്യർ :
ശ്രീ.വർഗ്ഗീസ് വൈദ്യർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാ സവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ പാർപ്പിട പ്രശ്നം പരിഹരിക്കാൻ സർക്കാർ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്നു വ്യക്തമാക്കുമോ;

(ബി) ഇതിനായി ആവിഷ്ക്കരിച്ചിട്ടുള്ള പദ്ധതികളുടെ വിശദാംശം വെളിപ്പെടുത്തുമോ;

(സി) ഇതിൽ ഏതെല്ലാം പദ്ധതികളാണ് ഇതിനകം പൂർത്തീകരിച്ചി ട്ടുള്ളതെന്നു വ്യക്തമാക്കുമോ;

(ഡി) പൂർത്തിയാക്കിയ പദ്ധതിപ്രകാരം സംസ്ഥാനത്തെ ഏതെല്ലാം വിഭാഗത്തിൽപ്പെട്ടവർക്ക് എത്ര വീടുകൾ വീതം വിതരണം ചെയ്തിട്ടുണ്ടെന്ന് വ്യക്തമാക്കുമോ;

(ഇ) പാർപ്പിട പ്രശ്നം പരിഹരിക്കുവാൻ സംസ്ഥാന ഭവന നിർമ്മാണ ബോർഡ് ഇപ്പോൾ ഏതെല്ലാം പദ്ധതികളാണ് നടപ്പാക്കുന്നതെന്നു വ്യക്തമാക്കുമോ;

(എഫ്) എല്ലാവർക്കും വീട് എന്ന പ്രഖ്യാപനം നടപ്പിലാക്കുവാൻ സർക്കാർ സ്വീകരിച്ച നടപടികൾ എന്തെല്ലാം? വിശദാംശം വ്യക്തമാക്കുമോ?

വിദ്യാഭ്യാസവും മരാമത്തും വകുപ്പു മന്ത്രി (ശ്രീ.പി.ജെ.ജോസഫ്) :

(എ) 1996-97 മുതൽ വർഷംതോറും 1 ലക്ഷം വീടുകൾ വീതവും, 1999-2000 മുതൽ 2 വർഷം കൊണ്ട് 5 ലക്ഷം വീടുകളും നിർമ്മിച്ച് 2002-ഓടെ എല്ലാവർക്കും വീട് ഉറപ്പാക്കുക എന്നാണ് ഗവൺമെന്റ് ലക്ഷ്യമിട്ടിരുന്നത്.

(ബി-ഡി) വിവരം ശേഖരിച്ചു വരുന്നു.

LIBRARY ARCHIVES Kerala Legislative Assembly

(ഇ) ദുർബല വിഭാഗക്കാർക്കായുള്ള മൈത്രീ ഭവന പദ്ധതിയും മറ്റു വരുമാന വിഭാഗക്കാർക്കുള്ള ചില പദ്ധതികളുമാണ് ഹൗസിംഗ് ബോർഡ് നടപ്പാക്കുന്നത്.

(എഫ്) വിവരം ശേഖരിച്ചുവരുന്നു.

പ്രീഡിഗ്രി കോളേജുകളിൽ നിന്നും വേർപെടുത്തിയതിനെ തുടർന്ന് അധികമായി വന്ന അദ്ധ്യാപകർ

20(*110) ശ്രീ.കെ.എ.ചന്ദ്രൻ :
ശ്രീ.ബി.വിജയകുമാർ :
ശ്രീ.തേറമ്പിൽ രാമകൃഷ്ണൻ :
ശ്രീ.പി.ജെ.ഫ്രാൻസിസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പ്രീഡിഗ്രി കോഴ്സ് കോളേജുകളിൽ നിന്നും വേർപെടുത്തിയതിനെ തുടർന്ന് കോളേജുകളിൽ അധികമായി വന്ന അദ്ധ്യാപകരെ സ്കൂളുകളിലെ ഹയർ സെക്കന്ററി വിഭാഗത്തിലേക്ക് മാറ്റാൻ ഉത്തരവ് ആയിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ അതിന് സ്വീകരിച്ച മാനദണ്ഡം വ്യക്തമാക്കാമോ;

(സി) ഈ ഉത്തരവിന്റെ ഫലമായി ഗവൺമെന്റ് കോളേജുകളിൽ നിന്നും പ്രൈവറ്റ് കോളേജുകളിൽ നിന്നും എത്ര അദ്ധ്യാപകരെ വീതം ഹയർ സെക്കന്ററിയിലേക്ക് മാറ്റേണ്ടതായി വരും എന്നാണ് കണക്കാക്കിയിട്ടുള്ളത്;

(ഡി) ഇവരിൽ എത്ര വർഷം വരെ സർവീസ് ദൈർഘ്യമുള്ളവർ പെടുമെന്ന് വ്യക്തമാക്കുമോ;

(ഇ) പ്രീഡിഗ്രി കോഴ്സ് കോളേജുകളിൽ നിന്നും മാറ്റിയതിന്റെ ഫലമായി എതെങ്കിലും അദ്ധ്യാപകരെ കോളേജിൽ നിന്നും പിരിച്ചുവിട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ എത്ര പേരെ;

(എഫ്) ഇവരിൽ ഏത വർഷംവരെ സർവ്വീസുള്ളവർപെടുമെന്ന് വെളിപ്പെടുത്തുമോ?

വിദ്യാഭ്യാസവും മരാമത്തും വകുപ്പു മന്ത്രി (ശ്രീ.പി.ജെ.ജോസഫ്) :

(എ) ഉണ്ട്.

(ബി) മാനദണ്ഡം വ്യക്തമാക്കുന്ന ബന്ധപ്പെട്ട സർക്കാർ ഉത്തരവിന്റെ പ്രതി ഇതോടൊപ്പം വയ്ക്കുന്നു.*

(സി) സർക്കാർ കോളേജുകളിൽ നിന്നും ഏകദേശം 176-ഉം പ്രൈവറ്റ് കോളേജുകളിൽ നിന്നും ഏകദേശം 1879-ഉം അദ്ധ്യാപകർ അധികമാകുമെന്ന് കണക്കാക്കിയിട്ടുണ്ട്. ഇതുകൂടാതെ 1996-നു ശേഷം പ്രീഡിഗ്രിക്കു വേണ്ടി മാത്രമായി നിയമിതരായ 250-ഓളം ജൂനിയർ ലക്ചർമാർ സ്വകാര്യ കോളേജുകളിൽ ഉണ്ടെന്ന് കണക്കാക്കപ്പെട്ടിട്ടുണ്ട്.

(ഡി) കണക്കാക്കിയിട്ടില്ല.

(ഇ-എഫ്) 5-10-2000ലെ ജി.ഒ(എം.എസ്)നം/145/2000/ഉവിവ. ഉത്തരവിൽ 24-4-97-നു ശേഷം നിയമിതരാവുകയും ഇപ്പോഴും അധിക തസ്തിക

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly